രാമവമ്മതമ്പുരാൻ.—ഉവ്വ്. പള്ളിപ്പുറം കടലോരത്തു് അധഃകൃതക്കുവേണ്ടി തിരിച്ചു വെച്ചിട്ടുള്ള പുറമ്പോക്കു സ്ഥലം സന്ദർശിയ്ക്കുവാനും അവിടെ ഒരു കോളനി സ്ഥാപിയ്ക്കുന്നതിനുവേണ്ടിയുള്ള പ്രാരംഭവേലകളെപ്പറ്റി ആലോചിപ്പാനും വേണ്ടി.

Resolution passed at the Depressed Classes Conference at Trichur.

154. മിസ്റ്റർ കെ. പി. വള്ളോൻ.—ഇപ്പോൾ തൃശിവപേരൂർ സർക്കാർ ഹൈസ്കൂളിൽവെച്ചു വിദ്യാഭ്യാസ മേലദ്ധ്യക്ഷൻ അവർകളുടെ അദ്ധ്യക്ഷതയിൽ കൂടിയ അധഃകൃത സമ്മേളനത്തിൽ പാസ്സാക്കപ്പെട്ട—അനീതിപരമായ സംരക്ഷണത്തിൽനിന്നും; സംരക്ഷകനിൽനിന്നും അധഃകൃതരെ രക്ഷിയ്ക്കുവാൻ അഭ്യർത്ഥിച്ചുകൊണ്ടു പാസ്സാക്കപ്പെട്ട—പ്രമേയത്തിന്റെ ഒരു നേർ കോപ്പി ഈ മേശപ്പുറത്തു വെക്കുമോ?

രാമവമ്മതമ്പുരാൻ ടി പ്രമേയത്തിന്റെ പകർപ്പു് അനുബന്ധമായി ചേർത്തിട്ടുണ്ടു്. (*Appendix XIII*).

Action on applications from Depressed Classes for appointment.

155. (a) മിസ്റ്റർ കെ. പി. വള്ളോൻ.—മിസ്റ്റർ കെ. പി. കറുപ്പൻ ഉപസംരക്ഷകനായിരുന്നപ്പോൾ സംരക്ഷണാപ്പീസ്സിൽ കൊടകരക്കാരൻ ഓപ്പൻ എന്നും, പെരുമാനൂർക്കാരൻ കണ്ട എന്നും രണ്ടു അധഃകൃതർ വല്ല ജോലിയിലും പകരം നോക്കീട്ടുണ്ടോ;

(b) ടിയാന്മാർ സംരക്ഷണാപ്പീസ്സിൽ ജോലിയ്ക്കായി ഇപ്പോഴത്തെ സംരക്ഷകന്റെ അടുക്കൽ എത്ര അപേക്ഷകൾ കൊടുത്തിട്ടുണ്ടു്;

(c) ടി അപേക്ഷകളെ സംബന്ധിച്ചു എന്തു് ചെയ്തു?

രാമവമ്മതമ്പുരാൻ.—(a) ഉവ്വ്. അവർ മാപായിപ്പണി പകരം നോക്കിയിരുന്നു.

(b) & (c) അവരുടെ അപേക്ഷകൾ കിട്ടീട്ടുണ്ടു്. എന്നാൽ ഓപ്പൻ എന്ന പുലയൻ ഇപ്പോൾ തൃ. ടി. സ്കൂളിൽ ചേർന്നു സർക്കാർ ചിലവിന്മേൽ പഠിച്ചുവരികയും, ഒടുവിൽ ടിയാനു ഫോറസ്റ്റ് കൺസർവേറ്റർ ആപ്പീസ്സിൽ ഒരു വാച്ചരുടെ ഉദ്യോഗം സിദ്ധിക്കുകയും ചെയ്തിട്ടുണ്ടു്. കണ്ട എന്ന പുലയന്റെ കാര്യവും ഒഴിവു വരുമ്പോൾ ആലോചിക്കുന്നതാണെന്നു് അറിയിച്ചിട്ടുണ്ടു്.

Tours of the Protector of Depressed Classes during the sitting of the budget session of the Council.

156. മിസ്റ്റർ കെ. പി. വള്ളോൻ.—കഴിഞ്ഞ ബഡ്ജറ്റ് നിയമസഭാ സമ്മേളന ദിനങ്ങളിൽ അധഃകൃത സംരക്ഷകന്റെ

LIBRARY ARCHIVES Kerala Legislative Assembly